File No. 98/ബിസിഡിസി എക്സ്പോ 2017/ആലപ്പുഴ

Tender No. 3/2017 & 4/2017

# KERALA STATE BACKWARD CLASSES DEVELOPMENT CORPORATION LTD.

District office, Soumya Complex, Vellakkinar Junction,
Alappuzha, PIN-688001. Tel: 0477 2254121,2254122
Email : ksbcdcalp@gmail.com

# TENDER DOCUMENT

## BCDC EXPO-2017
## Auction / Tender of Private Stalls (25 no's) & Food Court

**Regd. Office:**
TC 27/588(7) & (8), "Sentinel", Pattoor, Vanchiyoor P.O.
Thiruvananthapuram – 695 035
Tel : 0471-2577539, 2577550, Fax : 0471-2577539
Web site : www.ksbcdc.com, Email : ksbcdc@gmail.com

നമ്പർ: 98/ബിസിഡിസി എക്സ്പോ 2017/ആലപ്പുഴ തീയതി.14.11.2017

## ലേലം/ദർഘാസ് വ്യവസ്ഥകൾ

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 2017 ഡിസംബർ 26 മുതൽ 2018 ജനുവരി 2 വരെ ആലപ്പുഴ ഇ.എം.എസ്സ്. സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളയിൽ (BCDC EXPO 2017) വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും 25 സ്റ്റാളുകളും, ഭക്ഷ്യ വിഭവങ്ങൾക്കായുള്ള ഫുഡ്കോർട്ടും വ്യക്തികൾക്കോ , സ്ഥാപനങ്ങൾക്കോ വ്യവസ്ഥകൾക്ക് വിധേയമായി ലേലം/ദർഘാസ് മുഖാന്തിരം നൽകുന്നു. ദർഘാസ് ഫോറം **07.12.2017 3 PM** വരെ കോർപ്പറേഷന്റെ ആലപ്പുഴ ജില്ലാ ആഫീസിലും www.ksbcdc.com എന്ന വെബ് സൈറ്റിലും ലഭ്യമാണ്.

വിശദാംശങ്ങൾ:-

| ക്രമ നമ്പർ | ദർഘാസ് നം | വിശദാംശങ്ങൾ | മിനിമം ലൈസൻസ് ഫീസ് (7 ദിവസം) | നിരത ദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില |
|---|---|---|---|---|---|
| 1. | 3/2017 | 25 സ്റ്റാളുകൾ(2*2) | 200000 | 5000 | 500+CGST |
| 2. | 4/2017 | ഫുഡ് കോർട്ട് (5000 sq.ft.) | 150000 | 5000 | 500+CGST |

വ്യവസ്ഥകൾ:

1. പ്രദർശന വിപണന മേള (BCDC EXPO 2017)2017 ഡിസംബർ 26 മുതൽ 2018 ജനുവരി 2 വരെ ആലപ്പുഴ ഇ.എം.എസ്സ്. സ്റ്റേഡിയത്തിൽ നടത്തുന്നു. (7 ദിവസം)

2. പ്രദർശന വിപണന മേളയിൽ (BCDC EXPO 2017)കൈത്തറി , കര കൗശല ഉൽപ്പന്നങ്ങൾ, ആയുർവേദ ഉൽപ്പന്നങ്ങൾ, ഫാൻസി ഇനങ്ങൾ, ഗൃഹോപകരണങ്ങൾ, അലങ്കാര വസ്തുക്കൾ, ഇലക്ട്രിക് ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, എന്നിവയുടെ പ്രദർശനത്തിനും വിപണനത്തിനും സ്റ്റാളുകളും ഭക്ഷ്യവിഭവങ്ങൾക്കായുള്ള ഫുഡ് കോർട്ടും ക്രമീകരിക്കുന്നതാണ്. ലേയൗട്ട് ഇതോടൊപ്പം അനുബന്ധം 3 ആയി നൽകിയിട്ടുണ്ട്.

3. പ്രദർശന വിപണന മേളയുടെ (BCDC EXPO 2017) സമയം രാവിലെ 11 മുതൽ രാത്രി 8 മണി വരെ ആയിരിക്കും.

4. 25 സ്റ്റാളുകൾ ഒന്നിച്ച് ലൈസൻസ് ഫീസ് ഈടാക്കി ഈ 7 ദിവസത്തേയ്ക്ക് നൽകുന്നതാണ്. മിനിമം ലൈസൻസ് ഫീസ് 2,00,000 രൂപയായിരിക്കും.

5. ഫുഡ് കോർട്ടിന്റെ സ്ഥലം ഒന്നിച്ച് ലൈസൻസ് ഫീസ് ഈടാക്കി ഈ 7 ദിവസത്തേയ്ക്ക് നൽകുന്നതാണ്. മിനിമം ലൈസൻസ് ഫീസ് 1,50,000 രൂപയായിരിക്കും.

6. ഫുഡ് കോർട്ട് ഭക്ഷണ വിഭവങ്ങളുടെ വിപണനത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവൻ പാടുള്ളതല്ല.

7. താൽപര്യമുള്ള വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ ലേലത്തിൽ പങ്കെടുക്കാവുന്നതോ മുദ്ര വെച്ച ദർഘാസ് സമർപ്പിക്കാവുന്നതാണ്.

8. ടെണ്ടർ ഫാറം ലഭിക്കുന്ന അവസാന സമയം : 07.12.2017 വൈകുന്നേരം 3 മണി.

9. ടെണ്ടർ ഫാറം സ്വീകരിക്കുന്ന അവസാന സമയം : 11.12.2017 ഉച്ചയ്ക്ക് 2 മണി.

10. നിരത ദ്രവ്യം ഒടുക്കേണ്ട അവസാന സമയം : 11.12.2017 ഉച്ചയ്ക്ക് 2 മണി.

11. ലേല സമയം: 11.12.2017 വൈകുന്നേരം 3 മണി

12. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തിനുള്ളിൽ (ലേലത്തിന് ഒരു മണിക്കൂർ മുൻപ്) നിരത ദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്.

13. ഫുഡ് കോർട്ട് ലേലത്തിൽ ഏറ്റെടുക്കുന്ന കരാറുകാരനോ/സ്ഥാപനമോ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി 25000/- രൂപ അടച്ച് അന്നേദിവസം തന്നെ രസീത് കൈപ്പറ്റേണ്ടതാണ്.

14. പ്രൈവറ്റ് സ്റ്റാൾ , ഫുഡ് കോർട്ട് എന്നിവ ലേലത്തിൽ ഏറ്റെടുക്കുന്ന കരാറുകാരനോ /സ്ഥാപനമോ അന്നേ ദിവസം തന്നെ ലൈസൻസ് ഫീസ് അടയ്ക്കേണ്ടതാണ്.

15. ടെണ്ടർ സമർപ്പിക്കേണ്ട വിലാസം : ജില്ലാ മാനേജർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, സൗമ്യ കോംപ്ലക്സ്, വെള്ളക്കിണർ ജംഗ്ഷൻ, ആലപ്പുഴ-1. ഫോൺ-0477 2254121, 2254122

16. 25 സ്റ്റാളുകൾക്കുള്ള ദർഘാസ് ഇതോടൊപ്പം അനുബന്ധം 1 ആയി നൽകിയ ഫോറത്തിലും ഫുഡ് കോർട്ടിനായുള്ള ദർഘാസ് ഇതോടൊപ്പം അനുബന്ധം 2 ആയി നൽകിയ ഫോറത്തിലും വെവ്വേറെ സമർപ്പിക്കേണ്ടതാണ്.

17. ദർഘാസിനോടൊപ്പം നിരത ദ്രവ്യം അടച്ച രസീതോ, / District Manager, KSBCDC, Alappuzha എന്ന പേരിൽ മാറാവുന്ന നിരതദ്രവ്യ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റോ ഉള്ളടക്കം ചെയ്യേണ്ടതാണ്.

18. ദർഘാസ് ഫാറം www.ksbcdc.com എന്ന വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് സമർപ്പിക്കുന്നവർ ദർഘാസ് ഫോറത്തിന്റെ വില 500+CGST അടച്ച രസീതോ / District Manager, KSBCDC, Alappuzha എന്ന പേരിൽ മാറാവുന്ന 500+CGST ഡിമാന്റ് ഡ്രാഫ്റ്റോ ഉള്ളടക്കം ചെയ്യേണ്ടതാണ്.

19. മുദ്ര വച്ച ദർഘാസ് സമർപ്പിക്കുന്ന കവറിന് പുറത്ത് ദർഘാസ് നമ്പരും സ്റ്റാളുകൾക്കോ, ഫുഡ് കോർട്ടിനോ ഏതിനാണ് ദർഘാസ് സമർപ്പിക്കുന്നത് എന്നും , ദർഘാസ് സമർപ്പി

ക്കുന്ന വ്യക്തിയുടെ / സ്ഥാപനത്തിന്റെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവയും രേഖപ്പെടുത്തിയിരിക്കണം.

20. 25 സ്റ്റാളുകൾക്കും, ഫുഡ് കോർട്ടിനും വെവ്വേറെ നിരത ദ്രവ്യം അടയ്ക്കേണ്ടതാണ്.

21. ദർഘാസ് സമർപ്പിച്ചവർക്ക് ലേലത്തിലും പങ്കെടുക്കാവുന്നതാണ്. അതിന് വെവ്വേറെ നിരത ദ്രവ്യം അടയ്ക്കേണ്ടതാണ്.

22. നിർദ്ദിഷ്ട ഫാറത്തിൽ അല്ലാതെയും നിശ്ചിത നിരത ദ്രവ്യം ഉള്ളടക്കം ചെയ്യാതെയും നിശ്ചിത സമയപരിധി കഴിഞ്ഞും ലഭിക്കുന്ന ദർഘാസ് നിരസിക്കുന്നതാണ്.

23. കേന്ദ്ര ഗവൺമെന്റിന്റേയോ /കേരള ഗവൺമെന്റിന്റേയോ / പൊതു മേഖലാ സ്ഥാപനങ്ങളിലോ ബില്ലിംഗ് തുക 50,000 രൂപയിൽ കുറയാത്ത (കഴിഞ്ഞ 3 വർഷത്തിനുള്ളിൽ) ഒരു ഓർഡർ എങ്കിലും ഏറ്റെടുത്തു പ്രവൃത്തി പരിചയം ഉള്ളവരായിരിക്കണം.

24. കേന്ദ്ര ഗവൺമെന്റിന്റേയോ /കേരള ഗവൺമെന്റിന്റേയോ / പൊതു മേഖലാ സ്ഥാപനങ്ങളോ ബ്ലാക്ക് ലിസ്റ്റ് ചെയ്യാത്ത വ്യക്തിയോ/സ്ഥാപനമോ ആണ് എന്നുള്ള ഒരു സ്വയം സാക്ഷ്യ പത്രം കരാറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

25. ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിയോ/സ്ഥാപനമോ മതിയായ PAN Card, ആധാർ കാർഡ് / ഐഡി പ്രൂഫ് എന്നിവ ഹാജരാക്കേണ്ടതാണ്.

26. ഫുഡ് കോർട്ട് ഏറ്റെടുക്കുന്ന വ്യക്തിയും/സ്ഥാപനവും കുടിവെള്ളവും, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള വെള്ളവും Food Safety നിബന്ധനകൾ പ്രകാരം സ്വന്തം ഉത്തരവാദിത്വത്തിൽ ലഭ്യമാക്കേണ്ടതാണ്.

27. ലേലം ലഭിച്ച വ്യക്തിയോ/സ്ഥാപനമോ ഗവൺമെന്റിന്റെ ഗ്രീൻ പ്രോട്ടോക്കോൾ വ്യവസ്ഥകൾ പാലിച്ചു വേണം പ്രസ്തുത കാര്യങ്ങൾ ഏറ്റെടുത്തു നടത്തേണ്ടത്.

28. ലേലം ലഭിച്ച വ്യക്തിയോ/സ്ഥാപനമോ സ്വന്തം ഉത്തരവാദിത്വത്തിൽ അതാതു ദിവസങ്ങളിലെ മാലിന്യങ്ങൾ സംസ്‌ക്കരണം നടത്തേണ്ടതാണ്. സ്റ്റേഡിയത്തിനുള്ളിലോ പരിസരത്തോ യാതൊരു കാരണവശാലും മാലിന്യം നിക്ഷേപിക്കാൻ പാടുള്ളതല്ല.

29. ലേലം ഏറ്റെടുത്ത വ്യക്തികളും/സ്ഥാപനങ്ങളും ആവശ്യമുള്ള പെർമിറ്റുകളും/സർട്ടിഫിക്കറ്റുകളും അതാത് അധികാരപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

30. പ്രൈവറ്റ് സ്റ്റാളിലേയ്ക്ക് ഒരു കസേരയും ഒരു ടേബിളും ആണ് അനുവദിക്കുന്നത്. **പ്രൈവറ്റ് സ്റ്റാളിൽ ഭക്ഷണ പദാർത്ഥങ്ങൾ ഉണ്ടാക്കുന്നതോ വിററഴിക്കുന്നതോ അനുവദിനീയമല്ല.**

31. ലഭിക്കുന്ന ദർഘാസ് ലേലം കഴിഞ്ഞാൽ ഉടനെ തുറന്ന് പരിശോധിക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണ് ഏറ്റവും കൂടുതൽ തുക വിളിക്കുക /ക്വാട്ട് ചെയ്യുന്നത് ആയത് അംഗീകരിക്കുന്നതാണ്.

32. നിരക്ക് അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാലുടനെ മുഴുവൻ തുകയും കെട്ടി വയ്ക്കേണ്ടതാണ്. കൂടാതെ വ്യവസ്ഥകൾ അംഗീകരിച്ചു കൊണ്ടുള്ള കരാർ 200 രൂപ മുദ്ര പത്രത്തിൽ വയ്ക്കേണ്ടതാണ്.

33. പ്രദർശന വിപണന മേള (BCDC EXPO 2017) നടത്തുന്ന നിർവ്വാഹക സമിതിയുടെ അനുമതി വാങ്ങിയ ഉൽപ്പന്നങ്ങൾ മാത്രമേ സ്റ്റാളുകളിൽ പ്രദർശിപ്പിക്കുവാനും വിപണനം നടത്തുവാനും പാടുള്ളൂ. നിരോധിത ഉൽപ്പന്നങ്ങളും , പുകയില/ലഹരി പദാർത്ഥ ങ്ങളുടെയും ദുർഗന്ധം വമിക്കുന്ന പദാർത്ഥങ്ങളുടെയും പ്രദർശനവും വിപണനവും നട ത്തുവാൻ പാടുള്ളതല്ല.

34. പ്രദർശനം കഴിഞ്ഞാലുടനെ പ്രദർശന വിപണന ഉൽപ്പന്നങ്ങൾ സ്വന്തം ചെലവിൽ ഒഴിവാ ക്കേണ്ടതാണ്.

35. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് ഏറ്റെടുക്കുന്ന വ്യക്തിയോ/സ്ഥാപനമോ വ്യവസ്ഥകൾ പാലിക്കാതിരുന്നാൽ KSBCDC യ്ക്ക് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ട ങ്ങൾക്കും ലേലം/ദർഘാസ് ഏറ്റെടുക്കുന്ന വ്യക്തിയുടെയും/സ്ഥാപനത്തിന്റെയും സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും (നിരത ദ്രവ്യത്തിനും പുറമേ) തിരിച്ചു പിടിക്കുന്നതാണ്. ഇതു സംബന്ധിച്ച തർക്ക വ്യവഹാരങ്ങൾ ആലപ്പുഴ ജുഡീഷറിയുടെ പരിധിയിലായി രിക്കും. ഇതു കൂടാതെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണ്.

36. ഫുഡ് കോർട്ടിൽ ലഭ്യമാക്കേണ്ട വിഭവങ്ങൾ/ആവശ്യകത അനുസരിച്ച്

| | | | |
|---|---|---|---|
| പ്രഭാത ഭക്ഷണം | - | 1. | ഇഡ്ഡലി/സാമ്പാർ/ചട്നി |
| | | 2. | ബൂരി + മസാല |
| | | 3. | ദോശ + സാമ്പാർ+ ഉഴുന്നു വട |
| | | 4. | ഇടിയപ്പം+ വെജ് കറി |
| | | 5. | അപ്പം + വെജ് സ്റ്റൂ |
| | | 6. | മസാല ദോശ+ചട്നി+സാമ്പാർ |
| | | 7. | പുട്ട്+കടലക്കറി<br>(ചായ , കോഫി) |
| ഉച്ച ഭക്ഷണം | - | 1. | ഊണ് ( ജയ അരി)+ അനുബന്ധ കറികളും+ഫിഷ് കറി<br>ചപ്പാത്തി +വെജ്/നോൺ വെജ്. |
| സ്നാക്സ്(കാലത്തും വൈകുന്നേരവും) | - | 1. | ചായ, കോഫി, ഉഴുന്നു വട, ഉള്ളിവട, പരിപ്പു വട, പഴം പൊരി |
| രാത്രി ഭക്ഷണം | - | 1. | ചപ്പാത്തി+ പൊറോട്ട + വെജ് കുറുമ, നോൺവെജ് |

NB: Soft drinks, Lime Juice, Mineral Water, Tea & Coffee, Mulaku Bajji etc.... എന്നിവ യഥേഷ്ടം ലഭ്യമാക്കേണ്ടതാണ്.

## പ്രീ ബിഡ് മീറ്റിംഗ്

**തീയതി. 01.12.2017**

**മീറ്റിംഗ് സമയം; ഉച്ചയ്ക്ക് 2 മണി**

സ്ഥലം. കെഎസ്ബിസിഡിസി, ജില്ലാ ആഫീസ്, ആലപ്പുഴ

## LETTER OF ISSUE OF TENDER DOCUMENTS

**BCDC EXPO 2017**

**Auction / Tender of Private Stalls 25 nos.**

This set of tender document is issued to
(Name of Tenderer) :

_______________________________________________________________ _____ The price of this tender documents is Rs. 500+GST and is not refundable under any circumstances. This tender document is sold on _______________ vide receipt No._______________ dated _______________.

THIS TENDER DOCUMENT IS NOT TRANSFERABLE

Issued by

District Manager

KSBCDC, Alappuzha

ക്രമ നമ്പർ:................ (അനുബന്ധം-1)

വില 500+GST രൂപ. രസീത് നമ്പർ.........................തീയതി.................(ഓഫീസ് ഉപയോഗത്തിന്)

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

## പ്രദർശന വിപണന മേള (BCDC EXPO 2017)

## 25 സ്റ്റാളുകൾ അനുവദിക്കുന്നതിനുള്ള ദർഘാസ് ഫോറം (3/2017)

പ്രേഷകൻ

...............................

...............................

ഫോൺ......................

സ്വീകർത്താവ്

ജില്ലാ മാനേജർ

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

സൗമ്യ കോംപ്ലക്സ്, വെള്ളക്കിണർ, ആലപ്പുഴ- 1

സർ,

വിഷയം: കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രദർശന വിപണന മേള (**BCDC EXPO 2017**) – 25 സ്റ്റാളുകൾ അനുവദിക്കുന്നതിനുള്ള ദർഘാസ് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 14.11.2017 ലെ 98/ബിസിഡിസി എക്സ്പോ 2017/ആലപ്പുഴ നമ്പർ ലേലം/ദർഘാസ് വ്യവസ്ഥകൾ

മേൽ സൂചന ഞാൻ കൈപ്പറ്റുകയും അത് വായിച്ച് പൂർണ്ണമായും മനസ്സിലാക്കുകയും ചെയ്തു. പ്രസ്തുത വ്യവസ്ഥകൾ പൂർണ്ണമായും ഞാൻ ഇതിനാൽ അംഗീകരിച്ച് 25 സ്റ്റാളുകൾ എനിക്ക് അനുവദിച്ച് നൽകുവാൻ അപേക്ഷിക്കുന്നു.

1. ഞാൻ ക്വാട്ട് ചെയ്യുന്ന ലൈസൻസ് ഫീസ് .........................രൂപ തുക അക്ഷരത്തിൽ(..............................................................)ആകുന്നു
2. 5000 രൂപയുടെ ഡി.ഡി./തുക അടച്ച രസീത് നിരത ദ്രവ്യമായി ഇതോടൊപ്പം നൽകുന്നു.
3. 500+GST രൂപയുടെ ഡി.ഡി./ തുക അടച്ച രസീത് ദർഘാസ് ഫോറത്തിന്റെ വിലയായി ഇതോടൊപ്പം നൽകുന്നു.

മേൽ പരാമർശിച്ച വിവരങ്ങൾ എല്ലാം ശരിയാണെന്ന് സമ്മതിച്ച് ഒപ്പ് വയ്ക്കുന്നു.

ഒപ്പ്:

പേര്:

തീയതി.

# LETTER OF ISSUE OF TENDER DOCUMENTS

## BCDC EXPO 2017
## Auction / Tender of Food Court

This set of tender document is issued to
(Name of Tenderer) :

______________________________________________________________

____ the price of this tender document is Rs. 500+GST and is not refundable under any circumstances. This tender document is sold on _______________ vide receipt No.______________ dated _______________.

THIS TENDER DOCUMENT IS NOT TRANSFERABLE

Issued by

District Manager

KSBCDC, Alappuzha

ക്രമ നമ്പർ:................ (അനുബന്ധം-2)

വില 500+GST രസീത് നമ്പർ........................തീയതി...................(ഓഫീസ് ഉപയോഗത്തിന്)

**<u>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ</u>**

**<u>പ്രദർശന വിപണന മേള</u> (BCDC EXPO 2017)**

**<u>ഫുഡ് കോർട്ട് (5000 Sq.ft.)അനുവദിക്കുന്നതിനുള്ള ദർഘാസ് ഫോറം(4/2017)</u>**

പ്രേഷകൻ

...............................

...............................

ഫോൺ......................

സ്വീകർത്താവ്

ജില്ലാ മാനേജർ

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

സൗമ്യ കോംപ്ലക്സ്, വെള്ളക്കിണർ, ആലപ്പുഴ- 1

സർ,

വിഷയം: കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രദർശന വിപണന മേള (**BCDC EXPO 2017**) – ഫുഡ് കോർട്ട് (5000 **Sq.ft.**)അനുവദിക്കുന്നതിനുള്ള ദർഘാസ് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 14.11.2017 ലെ 98/ബിസിഡിസി എക്സ്പോ 2017/ആലപ്പുഴ നമ്പർ ലേലം/ദർഘാസ് വ്യവസ്ഥകൾ

മേൽ സൂചന ഞാൻ കൈപ്പറ്റുകയും അത് വായിച്ച് പൂർണ്ണമായും മനസ്സിലാക്കുകയും ചെയ്തു. പ്രസ്തുത വ്യവസ്ഥകൾ പൂർണ്ണമായും ഞാൻ ഇതിനാൽ അംഗീകരിച്ച് ഫുഡ് കോർട്ട് (5000 **Sq.ft.)** എനിക്ക് അനുവദിച്ച് നൽകുവാൻ അപേക്ഷിക്കുന്നു.

1. ഞാൻ ക്വാട്ട് ചെയ്യുന്ന ലൈസൻസ് ഫീസ് .........................രൂപ തുക അക്ഷരത്തിൽ(...............................................................)ആകുന്നു
2. 5000 രൂപയുടെ ഡി.ഡി./തുക അടച്ച രസീത് നിരത ദ്രവ്യമായി ഇതോടൊപ്പം നൽകുന്നു.
3. 500+GST രൂപയുടെ ഡി.ഡി./ തുക അടച്ച രസീത് ദർഘാസ് ഫോറത്തിന്റെ വിലയായി ഇതോടൊപ്പം നൽകുന്നു.

മേൽ പരാമർശിച്ച വിവരങ്ങൾ എല്ലാം ശരിയാണെന്ന് സമ്മതിച്ച് ഒപ്പ് വയ്ക്കുന്നു.

ഒപ്പ്:

പേര്:

തീയതി.

# BCDC EXHIBITION LAY OUT




MAIN STALLS - 3.00X3.00

OTHR STALLS - 2.50X2.50

FOOD COURT - 15.00X22.00

STAGE - 20.X30.00

PER STALL AREA -2.50X2.50